DESPATCHED
On 20/06/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 262(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4951/SIC-Gen4/2022**
(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 17**

ശ്രീ. ആർ. ഓമനക്കുട്ടൻപിള്ള,
ഇൻഷ്വറൻസ് ക്ലെയിംസ് ഇൻവെസ്റ്റിഗേറ്റർ,
ഗംഗാലയം ബിൽഡിംഗ്, ഫസ്റ്റ് ഫ്ളോർ,
ആനന്ദവല്ലീശ്വരം ക്ഷേത്രത്തിന് സമീപം,
തേവള്ളി പി.ഒ., കൊല്ലം – 691 009.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
   പുനലൂർ പോലീസ് സ്റ്റേഷൻ,
   കൊല്ലം.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, പുനലൂർ,
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
   പുനലൂർ, കൊല്ലം..

} എതിർകക്ഷികൾ.

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 29.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 14.1.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.3.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 22.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 1.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 15.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br><br>എസ്.പി.ഐ.ഒ | ഹാജരായി<br><br>ഹാജരാകാൻ കഴിയാത്തതിനുള്ള വിശദീകരണം ഹാജരാക്കി. |

## ഉത്തരവ്

ശ്രീ. ആർ. ഓമനക്കുട്ടൻപിള്ള, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ക്രൈം 155/2020-ാം നമ്പർ കേസിലെ വിവരങ്ങൾ

ആരാഞ്ഞുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ഒന്നാം എതിർകക്ഷി നൽകിയിട്ടില്ലെന്നും തുടർന്ന് നൽകിയ അപ്പീലിനും യാതൊരു മറുപടിയും രണ്ടാം എതിർകക്ഷിയും നൽകിയിട്ടില്ലെന്നും ആകയാൽ കമ്മീഷൻ ഇടപെട്ട് ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും ലഭ്യമാക്കി എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ച് ടിയാന് അപ്പീൽ ഫയൽ ചെയ്യുന്നതുവരെ ചിലവായിട്ടുള്ള 2500/- രൂപ നഷ്ടപരിഹാരമായി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 29.10.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

1) പുനലൂർ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള ക്രൈം 155/2020-ാം നമ്പർ കേസിലെ FIR, FIS, Final Report (Charge sheet), കൃത്യ സ്ഥല മഹസ്സർ, വാഹന മഹസ്സറുകൾ, AMVI റിപ്പോർട്ടുകൾ, ഇതിൽ പരിക്ക് പറ്റിയ എല്ലാവരുടെയും Accident Register Cum Wound Certificate-കൾ, പരിക്ക് പറ്റിയവരുടെ മറ്റ് ചികിത്സാ റിക്കാർഡുകൾ, ടി കേസിലെ സാക്ഷി മൊഴികൾ, ടി കേസിൽ ഉൾപ്പെട്ട പ്രതി വാഹനം ഓടിച്ച ഡ്രൈവറുടെ ലൈസൻസ് കോപ്പി, കേസിൽ ഉൾപ്പെട്ട പ്രതിയല്ലാത്ത വാഹനം ഓടിച്ച പരിക്ക് പറ്റിയ ആളിന്റെ ലൈസൻസ് കോപ്പി, ടി കേസിൽ ഉൾപ്പെട്ട എല്ലാ വാഹനങ്ങളുടെയും ആർ.സി., പോളിസി, പെർമിറ്റ്, ഫിറ്റ്നസ് എന്നിവയുടെയെല്ലാം പകർപ്പുകൾ വേണമെന്നും

2) ടി കേസിലെ റിക്കാർഡുകൾ ടിയാന് ലഭിക്കുന്നതിന് മൊത്തം എത്ര തുകയാണ് ഫീസായി ട്രഷറിയിൽ അടയ്ക്കേണ്ടതെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. തുടർന്ന് 29.12.2021-ന് സമർപ്പിച്ച അപ്പീൽ ഹർജിയിൽ പ്രസ്താവിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ അപേക്ഷ സമർപ്പിച്ച് 61 ദിവസം കഴിഞ്ഞിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ ടി വിവരങ്ങൾ ലഭ്യമാക്കി ടിയാന് അപ്പീൽ നൽകുന്നതിന് ചിലവായിട്ടുള്ള 500/- രൂപ ഒന്നാം എതിർകക്ഷിയിൽ നിന്നും ഈടാക്കി നൽകണമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പുനലൂർ പോലീസ് സ്റ്റേഷൻ ക്രൈം 155/2020 എന്ന കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി ലഭ്യമാകാതിരുന്നതിനാൽ ഒന്നാം അപ്പീൽ

സമർപ്പിച്ചിരുന്നതായും ടി അപ്പീലിന്മേലും മറുപടി ലഭിച്ചിട്ടില്ല എന്നും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നതെന്നും ടി അപ്പീൽ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് ഹർജിക്കാരന്റെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിന്മേൽ അടിയന്തിരമായി മറുപടി നൽകണമെന്ന് പുനലൂർ പോലീസ് സ്റ്റേഷനിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി 14.1.2022–ന് അപേക്ഷകന് മറുപടി നൽകി ടി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും ടി വിഷയത്തിലേയ്ക്ക് പുനലൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒയിൽ നിന്നും റിപ്പോർട്ട് വാങ്ങി പരിശോധിച്ചതിൽ ക്രൈം 155/2020 എന്ന കേസിന്റെ സി.ഡി ഫയൽ കണ്ടു കിട്ടിയിട്ടില്ലാത്തതിനാൽ കോടതിയിൽ നിന്നും ടി കേസുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിച്ച് അപേക്ഷകന് നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 29.10.2021–ലെ വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും സമയബന്ധിതമായി ഒന്നാം എതിർകക്ഷി നൽകിയിട്ടില്ലെന്ന് മാത്രമല്ല ഇക്കാര്യത്തിൽ കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ടും കമ്മീഷനിൽ ടിയാൻ ഹാജരാക്കിയിട്ടില്ല എന്ന് ബോധ്യമാകുന്നു. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരിക്കുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമായതിനാൽ ടി വീഴ്ചയ്ക്ക് കാരണകാരനായ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് കമ്മീഷൻ മുൻപാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. ഹർജിക്കാരൻ നൽകിയ 29.12.2021–ലെ ഒന്നാം അപ്പീലിന് 14.1.2022–ന് രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ടി മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ടി മറുപടി 14.1.2022–ന് ഹർജിക്കാരന് അയച്ചുകൊടുത്തിരുന്നു എന്ന് തെളിയിക്കുന്നതിനായി ഡെസ്പാച്ച്-കം-സ്റ്റാമ്പ് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പും നൽകിയ

മറുപടിയിൽ രണ്ടാം അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ രേഖപ്പെടുത്താതെ മറുപടി നൽകിയത് സംബന്ധിച്ച വിശദീകരണവും 30.6.2022–നകം രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. കമ്മീഷനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയതിനെ തുടർന്ന് ആവശ്യപ്പെട്ട രേഖകൾ ഹർജിക്കാരന് ലഭിച്ചിട്ടുള്ളതായി കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 17–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION, KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk